

# ആടിനെ പൂട്ടിയ കഥ

**ആട് ആന്റണി പിടിയിലായപ്പോഴും അത് ആരാണെന്നു സംഘത്തിലുള്ള ഭൂരിഭാഗം പേർക്കും മനസ്സിലായില്ല. ഏറ്റുമുട്ടൽ വേണ്ടിവന്നാൽ അതിനു തക്ക ശേഷിയുള്ളവരും ടീമിലുണ്ടായിരുന്നു...**



'ക്ലോസ്ഡ് ഗ്രൂപ്പുകൾ' ഓപ്പൺ ചെയ്തായിരുന്നു ജില്ലാ പൊലീസിന്റെ ഒരു വർഷം നീണ്ട ആട് ഓപ്പറേഷൻ. പൊലീസിന്റെ ക്രോസ് സെക്ഷനായിരുന്നു ഓപ്പറേഷന്റെ ചുമതല. സ്ഥിരം ടീമിൽ നിന്നു മാറി ലോക്കൽ, സ്പെഷൽ ബ്രാഞ്ച്, എആർ ക്യാംപ്, സൈബർ സെൽ, ക്രൈം സ്ക്വാഡ് വിഭാഗങ്ങളിൽ നിന്നുള്ള പൊലീസുകാരെ ഉൾപ്പെടുത്തി പ്രത്യേക ടീം രൂപീകരിക്കലായിരുന്നു ആദ്യ നടപടി. ഏറ്റുമുട്ടൽ വേണ്ടിവന്നാൽ അതിനു തക്ക ശേഷിയുള്ളവരും ടീമിലുണ്ടായിരുന്നു.

രഹസ്യങ്ങൾ ചോരാതിരിക്കാനുള്ള മുൻകരുതലുകളായിരുന്നു ഇത്തരം നടപടികൾ. സംഘത്തിലുൾപ്പെട്ട നാലോ, അഞ്ചോ പേർക്കൊഴികെ ബാക്കി ഉള്ളവർക്ക് ആരെയാണു പിടികൂടാൻ പോകുന്നതെന്ന് അറിയില്ലായിരുന്നു. ഒരു കൊടും കുറ്റവാളിയെ പിടികൂടാൻ പോകുന്നു എന്ന പൊതുധാരണ മാത്രമേ നൽകിയിരുന്നുള്ളൂ. തമിഴ്നാട് അതിർത്തി ഗോപാലപുരത്തിനു സമീപം കുപ്പാണ്ടക്കൗണ്ടനൂരിലെ ഭാര്യ വീട്ടിൽനിന്ന് ആട് ആന്റണിയെന്ന പ്രതി പിടിയിലായപ്പോഴും അത് ആരാണെന്നു ഭൂരിഭാഗം പേർക്കും മനസ്സിലായില്ല. കഴിഞ്ഞ മൂന്നുവർഷവും നാലുമാസവുമായി സംസ്ഥാന പൊലീസ് തേടി നടക്കുന്ന ആട് ആന്റണിയെന്ന കുറ്റവാളിയെയാണു നമ്മൾ പിടികൂടിയിരിക്കുന്നതെന്ന് അന്വേഷണ സംഘത്തലവൻ സ്പെഷൽ ബ്രാഞ്ച് ഡിവൈഎസ്പി എം.എൻ. സുനിൽ അറിയിച്ചപ്പോൾ ഞെട്ടിയത് സംഘാംഗങ്ങളായിരുന്നു.

കേരളവും ഇന്ത്യൻ റയിൽവേയും ഞെട്ടിവിറച്ച സൗമ്യ വധക്കേസിലെ പ്രതി ഗോവിന്ദച്ചാമിയെ കുടുക്കിയതും അന്നു റയിൽവേ ഡിവൈഎസ്പിയായിരുന്ന സുനിലിന്റെ അന്വേഷണ മികവാണ്. കൊല്ലം പാരിപ്പള്ളി പൊലീസ് ഡ്രൈവർ മണിയൻ പിള്ളയെ കുത്തിക്കൊലപ്പെടുത്തി തടയാൻ ശ്രമിച്ച എഎസ്ഐ ജോയിയെ കുത്തിവീഴ്ത്തിയ കുണ്ടറ കുമ്പളം നെടിയവിള വീട്ടിൽ ആന്റണി വർഗീസ് എന്ന ആട് ആന്റണിയെ രഹസ്യ വിവരങ്ങൾ പിന്തുടർന്നു നടത്തിയ ഓപ്പറേഷനിലൂടെയാണു ജില്ലാ പൊലീസ് വലയിലാക്കിയത്. ഇതിനായി പലരുടെയും സഹായവും പൊലീസിനു ലഭിച്ചു.

## ജയിൽ തീരെ ഇഷ്ടമല്ല !

ആട് ആന്റണിയെ പ്രത്യേകം സൂക്ഷിക്കാനാണു പൊലീസിനുള്ള നിർദേശം. കാരണം ആട് ആന്റണിക്ക് ജയിലിൽ കിടക്കുന്നത് തീരെ ഇഷ്ടമല്ല.അതുകൊണ്ട് എന്ത് അതിക്രമം ചെയ്തും ഇയാൾ രക്ഷപ്പെടാൻ ശ്രമിക്കുമെന്നാണു മുന്നറിയിപ്പ്. എപ്പോഴും കത്തികൊണ്ടുനടക്കുന്ന സ്വഭാവവും ഇയാൾക്കുണ്ട്.



ആട് ആന്റണിയെ പിടികൂടിയ എം.എൻ. സുനിലിന്റെ നേതൃത്വത്തിലുള്ള അന്വേഷണ സംഘത്തിന് 'വിശ്വാസ്' നൽകിയ സ്വീകരണം. എഡിഎം യു. നാരായണൻകുട്ടി, അഡ്വ.പി. പ്രേംനാഥ്, ജില്ലാ കലക്ടർ പി. മേരിക്കുട്ടി, ജില്ലാ പൊലീസ് മേധാവി എൻ. വിജയകുമാർ, വി.പി. കുര്യാക്കോസ് എന്നിവർ സമീപം.

# ആട് ആന്റണിയെ പിടികൂടിയ സംഘത്തിന് വിശ്വാസാദരം

പാലക്കാട് ● ആട് ആന്റണിയെ കൂട്ടിലടച്ച് സംസ്ഥാന പൊലീസിന്റെ അഭിമാനം വീണ്ടെടുത്ത ജില്ലാ പൊലീസ് സേനാംഗങ്ങൾക്ക് വിശ്വാസിന്റെ ആദരം. ഒരുവർഷം നീണ്ട ഓപ്പറേഷനിലൂടെ ഒട്ടേറെ ബുദ്ധിമുട്ടുകൾ സഹിച്ചാണ് ആട് ആന്റണിയെന്ന കുറ്റവാളിയെ പാലക്കാട് പൊലീസ് വലയിലാക്കിയത്.

കൊല്ലം പാരിപ്പള്ളി പൊലീസ് സ്റ്റേഷനിലെ ഡ്രൈവർ മണിയൻപിള്ളയെ കുത്തിക്കൊലപ്പെടുത്തുകയും തടുക്കാൻ ശ്രമിച്ച എഎസ്ഐ ജോയിയെ കുത്തിപ്പരുക്കേൽപ്പിക്കുകയും ചെയ്ത കേസിലെ പ്രതിയെ പിടികൂടുകയെന്നത് സേനയിലെ ഓരോ അംഗത്തിന്റെയും ആവശ്യമായിരുന്നു.

ആ ദൗത്യമാണു പാലക്കാട് പൊലീസ് പൂർത്തിയാക്കിയതെന്നു ജില്ലാ പൊലീസ് മേധാവി എൻ.വിജയകുമാർ പറഞ്ഞു. ആദരിക്കൽ സമ്മേളനം വിശ്വാസ് ചെയർമാൻ കൂടിയായ ജില്ലാ കലക്ടർ പി.മേരിക്കുട്ടി ഉദ്ഘാടനം ചെയ്തു. ജില്ലാ പൊലീസിന്റെ അന്വേഷണ മികവ് സംസ്ഥാന സേനയ്ക്കു മുതൽക്കൂട്ടാണെന്ന് അവർ പറഞ്ഞു.

എഡിഎം യു.നാരായണൻ കുട്ടി, വിശ്വാസ് സെക്രട്ടറി അഡ്വ.പി.പ്രേംനാഥ്, ശിശുക്ഷേമ സമിതി ചെയർമാൻ ഫാ.ഡോ.ജോസ് പോൾ തുടങ്ങിയവർ പ്രസംഗിച്ചു.

അന്വേഷണ സംഘത്തലവൻ ഡിവൈഎസ്പി എം.എൽ.സുനിൽ, എസ്ഐ ടി.എസ്.ബിനു, എസ്.ജലീൽ, പി.കെ.ജി.സന്തോഷ്, കെ.എ.അശോക്കുമാർ, ടി.സുനിൽകുമാർ, സജി, നസീർ അലി, പ്രമീള, മൻസൂർ, വിനീത്, സുബൈർ, രതീഷ്, ഹരിദാസ്, ഉണ്ണിക്കണ്ണൻ, രതീഷ്, കൃഷ്ണപ്രസാദ്, ജയകുമാർ എന്നിവരെയാണു ആദരിച്ചത്.